നം.കെഎസ്എ-കെടിഎം.പി-4/1231/2019 തീയതി 31.08.2019

# കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ **കുറവിലങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.03.2019 മുതൽ 30.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നൽകിയ 16 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 09.08.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബു സി. ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.07.2019 മുതൽ 09.08.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി കെ.എ.അനിതാകുമാരി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാന്റി ജോർജ്ജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യോഗേഷ് ആർ. | ഓഡിറ്റർ |
| | ശ്രീ.ജോഷി തോമസ് | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | പി. സി. കുര്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | പ്രസാദ് കെ. ആർ. | 01.04.2018 മുതൽ 09.11.2018 വരെ |
| | ശ്രീകുമാർ എസ്. കൈമൾ | 10.11.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | സാജൻ ടി. കെ. | 01.4.2018 മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സി കെ ഷാജു | 01.4.2018 മുതൽ 31.3.2019 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ഡോ.സി വൈ എൽസി | 01.4.2018 മുതൽ 31.5.2018 വരെ |
| | ഡോ അനുജ ഭാഗ്യലക്ഷ്മി | 01.6.2018 മുതൽ 09.8.2018 വരെ |
| | ഡോ തുഷാര മാത്തുക്കുട്ടി | 10.8.2018 മുതൽ 01.9.2018 വരെ |
| | ഡോ പ്രഹ്ലാദ് കെ | 01.9.2018മുതൽ 24.10.2018 വരെ |
| | ഡോ ജിയോ | 24.10.2018മുതൽ 10.1.2019 വരെ |
| | ഡോ തുഷാര മാത്തുക്കുട്ടി | 10.01.2019മുതൽ 06.2.2019 വരെ |
| | ഡോ രാജഹംസ് ശശി | 06.2.2019 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി | ഡോ ഫിലിപ്പ് | 1.04.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ., കുറവിലങ്ങാട് | ലിഷ പി ജോസ് | 01.04.2018മുതൽ 30.3.2019വരെ |
| വി.ഇ.ഒ., തോട്ടുവ | ഷീജാമോൾ ഇ ആർ | 01.4.2018മുതൽ 16.11.2018വരെ |
| | ലിഷ പി ജോസ് | 17.11.2018മുതൽ28.11.2018വരെ |
| | ഹരികുമാർ വി കെ | 29.11.2018മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ബബിത സി ബേബി | 01.4.2018മുതൽ 31.07.2018 വരെ |
| | ഷീലകുമാരിയമ്മ | 01.08.2018മുതൽ31.03.2019വരെ |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | നിബു കുര്യൻ | 01.04.2018മുതൽ16.02.2019വരെ |
| | മിലിമോൾ ഫിലിപ്പ് | 17.02.2019മുതൽ12.03.2019വരെ |
| | സോജൻ | 13.03.2019മുതൽ31.03.2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീജ രാധാകൃഷ്ണൻ | 01.4.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മിസ്ട്രസ് | ബിന്ദു സി. കെ. | 01.4.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ബിന്ദു എസ്. | 01.4.2018 മുതൽ 22.6.2019 വരെ |
| | സീനത്ത് കെ. | 23.6.2018 മുതൽ 31.3.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി വിശദാംശങ്ങൾ |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| | |

| | |
|---|---|
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | സാംഖ്യ രസീത് കൈകാര്യം ചെയ്യുന്നതിലെ അപാകത – ക്യാൻസൽ ചെയ്ത രസീത് പാർട്ടിക്ക് നൽകി |
| 2-2-1 | വസ്തുനികുതി കുറവായി നിർണ്ണയിച്ചു |
| 2-2-2 | വസ്തു നികുതി അനർഹമായി ഒഴിവാക്കി നൽകി |
| 2-3 | തൊഴിൽ നികുതി അപാകതകൾ |
| 2-4 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-5 | വാടക കുടിശിക വരുത്തുന്നത്--സംബന്ധിച്ച് |
| 2-6 | ബസ് സ്റ്റാന്റ് ലേലം – തുക അടവാക്കിയില്ല, കരാർ ചമച്ചില്ല |
| 2-7 | വളർത്തുനായ്ക്കൾക്ക് ലൈൻസ് എടുക്കുന്നില്ല |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ – നിരീക്ഷണങ്ങൾ |
| 3-2 | വിവിധ കുടിവെള്ള പദ്ധതികൾക്ക് പമ്പ്സെറ്റ് വാങ്ങൽ – പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-3 | സൗരറാന്തൽ വിതരണം – പ്രോജക്ട് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം |
| 3-4 | ഐഎസ്ഒ സർട്ടിഫിക്കേഷൻ അധികസൗകര്യങ്ങൾ ഒരുക്കൽ – പ്രോജക്ടുമായി ബന്ധമില്ലാത്ത ഇനം ഉൾപ്പെടുത്തി നിർവ്വഹണം നടത്തി |
| 3-5-1 | ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല |
| 3-5-2 | ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ – മരുന്ന് മുഴുവനും ലഭ്യമായില്ല |
| 3-6 | ആയുർവേദ ആശുപത്രിക്ക് യോഗ അനുബന്ധ സൗകര്യങ്ങൾ – മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി |
| 3-7 | പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങൽ – ഉപകരണങ്ങൾ ലഭ്യമായിട്ടില്ല |
| 3-8 | മുട്ടക്കോഴി വിതരണം – പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയില്ല |
| 3-9 | പേവിഷബാധ നിയന്ത്രണം – പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പാക്കിയില്ല |
| 3-10 | ലൈഫ് ഭവനപദ്ധതി – അവലോകനം |
| 3-11 | ഹരിതഭവനം പദ്ധതി – അവലോകനം |
| 3-12 | ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രോജക്ടുകൾ – അപാകതകൾ |
| 3-13 | മുട്ടുകൽ മാണികാവ് കനാൽ റോഡ് നിർമ്മാണം – പൂർത്തീകരണത്തിൽ കാലതാമസം വന്നിട്ടും ഫൈൻ ഈടാക്കിയില്ല |
| 3-14 | പഞ്ചായത്ത് ഓഫീസ് – റ്റു വീലർ പാർക്കിങ്ങ് നവീകരണം – പണി പൂർത്തിയാക്കിയിട്ടില്ല |
| 3-15 | ഞറളമറ്റം ഗാന്ധിഗ്രാം റോഡ് നിർമ്മാണം – പൂർത്തീകരണത്തിൽ കാലതാമത്തിന് ഫൈൻ |

| | |
|---|---|
| | ഈടാക്കിയതിൽ കുറവ് |
| 3-16 | ആശ്രയപദ്ധതി – തുക കൈമാറിയെങ്കിലും പ്രോജക്ട് നടപ്പാക്കിയിട്ടില്ല |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28-03-2019 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 10169774 | 5515177 |
| വരവ് | 90129040 | 69092526 |
| ആകെ | 100298814 | 74607703 |
| ചെലവ് | 87681040 | 65951817 |
| നീക്കിയിരിപ്പ് | 12617774 | 8655886 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 14-05-2019 | ---- | ----- |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 24,25/5/2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ *04/06/2019* ലെ കെ.എസ്.എ.കെ.ടി.എം പി.*4/764/2019* നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 5515177 |
| വരവ് | 69092526 |
| ആകെ | 74607703 |
| ചെലവ് | 65951817 |
| നീക്കിയിരിപ്പ് | 8655886 |

# 1-5 ഫണ്ട് വിനിയോഗം

(എ)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക/സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12197908 | 12197908 | 12197908 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1812000 | 1812000 | 1812000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 207000 | 207000 | 207000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11342000 | 11342000 | 10520618 | 821382 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2780000 | 2780000 | 2780000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 7397293 | 7397293 | 5599408 | 1797885 |
| ഐ സി ഡി എസ് | | 585676 | 616650 | 1202326 | 625826 | 576500 |
| ശുചിത്വ മിഷൻ | | 908538 | 643432 | 1551970 | 140000 | 1411970 |
| സാക്ഷരത | | 55762 | 1789 | 57551 | 0 | 57551 |
| ആയുർവ്വേദം- ക്യാപിറ്റൽ | | 15752 | 0 | 15752 | 0 | 15752 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് വിഹിതം | 0(*) | 1324864 | 1324864 | 1324864 | 0 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 0(*) | 969016 | 969016 | 969016 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 18046355 | 18046355 | 18046355 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3011 | 509072 | 512083 | 508977 | 3106 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3062083 | 16989801 | 20051884 | 5454519 | (**) |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 403054 | 13795417 | 14198471 | 9793296 | 4405175 |
| ബി ഫണ്ട് | | 0 | 28826040 | 28826040 | 28826040 | 0 |

(*) 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കുള്ള ട്രഷറി ടി എസ് ബി അക്കൗണ്ടിൽ തെറ്റായി ക്രഡിറ്റ് ചെയ്തിരുന്ന അനുപൂരക പോഷകാഹാരം കേന്ദ്ര വിഹിതമായ 3,39,445 രൂപയാണ് ഈ അക്കൗണ്ടിൽ മുൻബാക്കിയുണ്ടായിരുന്നത്.

(**) തനത് ഫണ്ട് വരവ്/ചെലവ് തുകകൾ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിനാൽ തനത് ഫണ്ടിന്റെ മാത്രമായ നീക്കിയിരിപ്പ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

(ബി) <u>വിവിധ ഫണ്ടുകൾ പൂർണ്ണമായ വിനിയോഗലക്ഷ്യം കൈവരിക്കാത്തതിനാൽ 26,19,267/- രൂപ നഷ്ടമായി</u>

തൻവർഷം സംരക്ഷണഗ്രാന്റ് (റോഡ്), ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനങ്ങളിലായി ലഭിച്ച തുകകൾ പൂർണ്ണമായും ചെലവഴിക്കാതിരുന്നതിനാൽ ചുവടെ ചേർക്കും പ്രകാരം 26,19,267/- രൂപ നഷ്ടപ്പെട്ടു.

| ഫണ്ടിനം | നഷ്ടമായ തുക |
|---|---|
| സംരക്ഷണഗ്രാന്റ് – റോഡ് | 821382 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1797885 |
| ആകെ | 2619267 |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വികസനപ്രവർത്തനങ്ങൾക്കായി ലഭിച്ച സർക്കാർ ഗ്രാന്റുകൾ യഥാവിധി ചെലവഴിക്കാതിരുന്നത് കാരണം 26,19,267/- രൂപ നഷ്ടമായിട്ടുണ്ട്. തുടർവർഷങ്ങളിലെ പദ്ധതി നിർവ്വഹണപ്രക്രിയ കാര്യക്ഷമമാക്കിയും പൂർണ്ണമായ വിനിയോഗലക്ഷ്യം കൈവരിച്ചും നഷ്ടം ഒഴിവാക്കേണ്ടതാണ്.

# 1-6 പദ്ധതിഅവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 15.2.19 ലെ ഉത്തരവ് നം. 490/18/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ

7,76,51,888/-രൂപയും ആകെ ചെലവ് 4,95,77,494/-രൂപയുമാണ്. ചെലവുശതമാനം 64%. 33 സ്പിൽഓവർ പ്രോജക്ടുകളും 130 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 163 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 125 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 12.2.18 മുതൽ 20.2.18വരെ |
| ഭിന്നശേഷി ഗ്രാമസഭ | 22.02.18 |
| ബാലഗ്രാമസഭ | 23.02.18 |
| വികസനസെമിനാർ | 17.03.18 |

2018-19 വാർഷികപദ്ധതി രൂപീകരണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരമുള്ള മേല്പറഞ്ഞ പ്രാഥമിക നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ പദ്ധതി മാർഗ്ഗരേഖയിലെയും സബ്സിഡി മാർഗ്ഗരേഖയിലെയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. പ്രത്യേക അനുമതി കൂടാതെ പദ്ധതിമാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ സൗരറാന്തൽ പ്രോജക്ടുകൾ സബ്സിഡി മാർഗ്ഗരേഖയിൽ നിർഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ കണക്കിലെടുക്കാതെയാണ് നടപ്പാക്കിയിട്ടുള്ളത്. സൗരോർജ്ജപ്രോജക്ടുകൾ അക്ഷയ ഊർജ്ജപദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തു നടപ്പാക്കാമെങ്കിലും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിയന്ത്രണങ്ങളും നിബന്ധനകളും പാലിക്കേണ്ടതുണ്ട്. കൃഷി ഓഫീസർ നടപ്പാക്കിയ ഹരിതഭവനം പദ്ധതി യഥാർത്ഥലക്ഷ്യം കൈവരിക്കത്തക്കരീതിയിൽ ആസൂത്രണം ചെയ്തിരുന്നില്ല. പദ്ധതി സംബന്ധിച്ച് ഉപരിതലവീക്ഷണം മാത്രം നടത്തിയതിനാൽ യഥാർത്ഥ ലക്ഷ്യത്തിലെത്തിച്ചേരാൻ സാധിച്ചിട്ടില്ല. എല്ലാ മേഖലകളിലും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പതിവുപ്രോജക്ടുകൾ എന്നതിലുപരി മാതൃകാപരമായതോ, എടുത്തുപറയത്തക്കതായോ ഉള്ള പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല. പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം ലക്ഷ്യമാക്കി ഹരിതകർമ്മസേനയുടെ സഹായത്തോടെ പ്ലാസ്റ്റിക്ക് കൂടുകൾ ശേഖരിച്ച് ഷ്രെഡ്ഡിംഗ് യൂണിറ്റിലെത്തിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ അകാരണമായ കാലതാമസം നേരിട്ടിട്ടുണ്ട്. പ്രവൃത്തികൾ നിശ്ചിതസമയപരിധിയ്ക്കകം പൂർത്തീകരിക്കുന്നുണ്ടെന്നും ഗുണനിലവാരം പുലർത്തുന്നുണ്ടെന്നും വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**<u>നിർവ്വഹണോദ്യോഗസ്ഥരെ നിശ്ചയിക്കൽ - പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല</u>**

പദ്ധതി മാർഗ്ഗരേഖ പ്രകാരം പഞ്ചായത്തുകളിലെ എസ് സി പി, ടി എസ് പി പ്രോജക്ടുകളിൽ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ടുകളൊഴികെ ബാക്കിയെല്ലാ പ്രോജക്ടുകളും നിർവ്വഹണം നടത്തേണ്ടത് അസിസ്റ്റന്റ് സെക്രട്ടറിയാണ്. എന്നാൽ എസ് സി പി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ഉന്നതപഠനത്തിന് സ്കോളർഷിപ്പ്, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ പ്രോജക്ടുകളുടെയും നിർവ്വഹണം സ്കൂൾ ഹെഡ്മാസ്റ്ററെയാണ് ഏല്പിച്ചത്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>**

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ്

ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല.

<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-7 തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി ഗ്രാമസഭാ യോഗങ്ങൾ 10/10/2017 തീയതിയിൽ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത 310 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചു. ഇതിൽ 147 പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കി. 2018-19 വർഷം ആകെ 58061 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. ശരാശരി തൊഴിൽ ദിനങ്ങൾ 66.51തൻവർഷം നടപ്പാക്കിയ പ്രവൃത്തികൾ പ്രധാനമായും താഴെപ്പറയുന്നവയാണ്.

1.മഴക്കുഴി നിർമ്മാണം

2.കല്ലുകയ്യാല നിർമ്മാണം

3.തരിശു ഭൂമി കൃഷിക്ക് യോഗ്യമാക്കൽ

4.കിണർ നിർമ്മാണം

5.റോഡ് സോളിങ്ങ്

6.കനാൽ ക്ളീനിങ്ങ്, കോൺക്രീറ്റിങ്ങ്

തൻവർഷത്തെ ആകെ 1,85,55,331.70 രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഭരണച്ചെലവ് | 409977 |
| അവിദഗ്ധ കൂലിച്ചെലവ് | 15957657 |
| വിദഗ്ധ കൂലിച്ചെലവ് | 439491 |
| സാധനവില | 1649207 |
| 100 ദിവസം തൊഴിൽ പൂർത്തിയാക്കിയവർക്കുള്ള അലവൻസ് | 99000 |
| **ആകെ** | **18555332** |

<u>സാമ്പത്തികനില</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക നേരിട്ട് നൽകുന്നത് | - | 18046355 | 18046355 | 18046355 | - |
| ക്യാഷ് | 3011 | 509072 | 512083 | 508977 | 3106 |
| ആകെ | 3011 | 18555427 | 18558438 | 18555332 | 3106 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42840 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 3850300 | 929 |
| വിധവാപെൻഷൻ | 5045600 | 1207 |
| വാർദ്ധക്യകാലപെൻഷൻ | 17190200 | 3999 |
| വികലാംഗപെൻഷൻ | 2305500 | 538 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 391600 | 3 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-08-2019 ൽ 3.45 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 67,943/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ച ഗ്രാമപഞ്ചായത്ത് എന്ന നിലയിലുള്ള കാര്യക്ഷമത ആഭ്യന്തര നിയന്ത്രണസംവിധാനത്തിൽ ദൃശ്യമല്ല. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. സെക്ഷനുകൾ ചെയ്യുന്ന ജോലികൾ കൃത്യമായി നിരീക്ഷിക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും ചെയ്യുന്ന മേൽനോട്ടസംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ട്. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ പഞ്ചായത്ത് ഭരണസംവിധാനത്തിന്റെ ആധികാരികരേഖയായ മിനിറ്റ്സ് ബുക്ക് അർഹമായ പ്രാധാന്യത്തോടെ ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ ആവശ്യമായ അനുബന്ധരേഖകൾ സഹിതം കൃത്യമായി അടുക്കി സൂക്ഷിച്ചിട്ടില്ല. നികുതികൾ പിരിച്ചെടുക്കുന്നതിലും വരുമാനം വർദ്ധിപ്പിക്കുന്നതിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ചെലവുകൾ നിയന്ത്രിക്കുന്ന കാര്യത്തിൽ സൂക്ഷ്മത പുലർത്തിയിട്ടുണ്ട്. നികുതി നൽകാൻ വിസമ്മതിക്കുന്നവരെയും ഹരിതകർമ്മസേനയുമായി സഹകരിക്കാത്തവരെയും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നത് ഉൾപ്പെടെ സ്ഥാപനത്തിന്റെ ഉത്തമസാമ്പത്തികതാല്പര്യവും പൊതുജനക്ഷേമവും മുൻനിർത്തി ശക്തമായ തീരുമാനങ്ങളെടുക്കാൻ ഭരണസമിതിയ്ക്ക് സാധിച്ചിട്ടുണ്ട്. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മേൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റികളുടെ സജീവമായ ഇടപെടൽ ഉണ്ടായിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.06.2019 | 05/19 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2017-28.01.2017 | 2011-12 - 2015-16 | LBA(HQ)11/8A-2560/16-17/435, 03.03.2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 103112901/- രൂപയും ചെലവ് 104262302/- രൂപയും തൻവർഷ പ്രവർത്തനകമ്മി 1149401/- രൂപയുമാണ്. 31.03.2019-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 60739938/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 48160256/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 12579682/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യപത്രികയിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. ജി.ഒ. (എം.എസ്)152/11/തസ്വഭവ/26.07.2011 പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ലാത്തതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2019-ലെ പഞ്ചായത്ത് ജനറൽ ഫണ്ട് കൃത്യമല്ല.
3. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതിയുടെ കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തൻവർഷ കുടിശ്ശിക ഡിമാന്റുമായി വാർഷിക ധനകാര്യപത്രികയിലെ ഡിമാന്റ് പൊരുത്തപ്പെടുത്തുന്നതിന് ചെയ്തിട്ടുള്ള പ്രയർ പീരിയഡ് ക്രമീകരണങ്ങളുടെ(ഐ-18 ഷെഡ്യൂൾ) കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.
5. ജീവനക്കാരുടെ തൊഴിൽനികുതിയുടെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-I ഷെഡ്യൂൾ പ്രകാരമുള്ള വരുമാനം, റസീപ്റ്റ് &പേയ്മെന്റ് ആർ.പി-I ഷെഡ്യൂൾ പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 സാംഖ്യ രസീത് കൈകാര്യം ചെയ്യുന്നതിലെ അപാകത-ക്യാൻസൽ ചെയ്ത രസീത് പാർട്ടിക്ക് നൽകി

18.3.2019 തീയതിയിൽ സ്കറിയ പി.കെ. എന്ന വ്യക്തിയുടെ 13/395 നമ്പരിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി അടവാക്കിയതിനുള്ള 118030105879 എന്ന നമ്പരിലുള്ള രസീത്, 0674949, 0674950 എന്ന രണ്ട് സ്റ്റേഷനറിയിൽ പ്രിന്റ് ചെയ്തിട്ടുള്ളതായും ഇതിൽ 0674950 നമ്പരായുള്ള സ്റ്റേഷനറിയിൽ പ്രിന്റ് ചെയ്തിട്ടുള്ള രസീത് കാരണം രേഖപ്പെടുത്താതെ ക്യാൻസൽ ചെയ്തതായും 0674949 നമ്പരായുള്ള സ്റ്റേഷനറിയിൽ പ്രിന്റ് ചെയ്തിട്ടുള്ള രസീത് ടി വ്യക്തിക്ക് നൽകിയിട്ടുള്ളതായും പരിശോധനയിൽ കണ്ടു. ക്യാൻസൽ റസീപ്റ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ പ്രിന്റർ ഫോൾട്ട് എന്ന കാരണം രേഖപ്പെടുത്തി പ്രസ്തുത രസീത് ക്യാൻസൽ ചെയ്തതായി ബോധ്യപ്പെട്ടു. ഇപ്രകാരം ക്യാൻസൽ ചെയ്ത രസീത് പണം അടവാക്കിയ വ്യക്തിക്ക് നൽകിയതിനു വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3) നൽകിയ മറുപടി ഇപ്രകാരമാണ്. 118030105879 എന്ന രസീത് ക്യാൻസൽ ചെയ്തിരുന്നു. രസീതിന്റെ പ്രിന്റ് ലഭ്യമാകാത്തതിനാൽ വീണ്ടും പ്രിന്റ് നൽകി. എന്നാൽ പ്രിന്റർ പോസ് മോഡിലായിരുന്നുവെന്ന് മനസിലാക്കി പോസ് മോഡ് റിലീസ് ചെയ്തപ്പോൾ അതു വരെ കൊടുത്ത എല്ലാ രസീതുകളും പ്രിന്റ്

ചെയ്യപ്പെടുകയും ഒരേ രസീത് തന്നെ വിവിധ സ്റ്റേഷനറികളിൽ പ്രിന്റ് ചെയ്ത് വരുകയുമുണ്ടായി . 118030105879 എന്ന രസീതാണ് യഥാർത്ഥത്തിൽ ക്യാൻസൽ ചെയ്തതെങ്കിലും ടി രസീത് കരം അടച്ചയാൾക്ക് കൊടുത്ത് പകരം 1180301058880 എന്ന രസീത് ക്യാൻസൽ ചെയ്ത് സൂക്ഷിക്കുകയും ചെയ്തു. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിയിലുണ്ടായിരുന്ന ക്ലർക്കിന്റെ പ്രിന്റർ ഉപയോഗിക്കുന്നതിലുള്ള പരിചയക്കുറവാണ് അപാകതകൾക്കു കാരണമായതെന്നും വ്യക്തമാക്കുയുണ്ടായി. ക്യാൻസൽ ചെയ്ത രസീത് പണമടവാക്കിയ വ്യക്തിക്ക് നൽകുകയും യഥാർത്ഥത്തിൽ നൽകേണ്ട രസീത് ക്യാൻസൽ ചെയ്തു സൂക്ഷിക്കുകയും ചെയ്തത് ഗുരുതരമായ പിഴവാണ്. രസീത് പ്രിന്റ് ചെയ്യുന്നതിനുള്ള വളരെയധികം സ്റ്റേഷനറികൾ ഉപയോഗിക്കാതെ രസീതുകൾക്കൊപ്പം ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഇത് പ്രിന്ററിന്റെ തകരാർ മൂലവും രസീതിനായി ഉപയോഗിക്കുന്ന സ്റ്റേഷനറിയുടെ കുഴപ്പവും മൂലമാണ്. ഈ രസീതുകൾ പിന്നീട് ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ കാരണം രേഖപ്പെടുത്തി ക്യാൻസൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്. ടി രസീതുകൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത ഒഴിവാക്കാൻ ഗ്രാമപഞ്ചായത്തധികൃതർ ശ്രദ്ധിക്കേണ്ടതാണ്. രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ 22.04.2014 ലെ 48544/എ ബി 1/13/ ത.സ്വ.ഭ.വ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 2-2-1 വസ്തുനികുതി കുറവായി നിർണയിച്ചു

2018-19 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ വാർഡ് 13 ലെ 583/എ എന്ന കെട്ടിടം ശ്രീമതി സാലി ജോസ്, കോയിക്കൽ കുറവിലങ്ങാട് എന്നയാളുടെ ഉടമസ്ഥതയിലുള്ള 128.37 ച.മീ. വിസ്തീർണമുള്ള കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. ന് മുകളിലുള്ള ഹോട്ടൽ, ഷോപ്പുകൾ, റെസ്റ്റോറന്റുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് ചുമത്തേണ്ട 65/ച.മീ എന്ന നിരക്കിനു പകരം 100 ച.മീ. ൽ താഴെ വിസ്തീർണമുള്ള ഹോട്ടൽ, ഷോപ്പുകൾ, റെസ്റ്റോറന്റുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് ചുമത്തേണ്ട 40/ച.മീ എന്ന നിരക്കിൽ നികുതി ഈടാക്കിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഈടാക്കിയ നിരക്ക് (40/ച.മീ)-5% ലൈബ്രറി സെസ് ഉൾപ്പെടെ | ഈടാക്കേണ്ട നിരക്ക് (65/ച.മീ)5% ലൈബ്രറി സെസ് ഉൾപ്പെടെ |
|---|---|
| 5392 | 8762 |

അന്വേഷണക്കുറിപ്പിനു മറുപടിയായി വസ്തുനികുതി പുതുക്കി നിർണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. പരാമർശിത കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2-2 വസ്തു നികുതി അനർഹമായി ഒഴിവാക്കി നൽകി

27.4.15 ലെ സർക്കാർ ഉത്തരവ്(എംഎസ്) 158/15/തസ്വഭവ പ്രകാരം 60 ച.മീറ്ററിൽ(660 സ്ക്വയർ ഫീറ്റ്) വരെ തറ വിസ്തീർണമുള്ളതും ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിനു വസ്തുനികുതി ഒഴിവാക്കി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ പരാമർശിത ഉത്തരവ് പ്രകാരം വസ്തു നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്കു വിരുദ്ധമായി ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണം (ച.മീ.) |
|---|---|---|---|
| 1 | 9/47 B | ജോസ് ഇഞ്ചിക്കുഴിയിൽ | 40 |

| | | | |
|---|---|---|---|
| 2 | 9/49 C | ” | 26 |
| 3 | 9/47 C | മേരി കൃഷ്ണൻകുട്ടി<br>ഗോവിന്ദപുരം | 25 |
| 4 | 9/48 B | ” | 32 |
| 5 | 9/48 A | രാജു ഗോപാലൻ<br>മുര്യാംമ്യാലിൽ | 39.85 |
| 6 | 9/51 A | ” | 54 |
| 7 | 9/51 B | ” | 59 |
| 8 | 9/49 A | അമ്മിണി വാസു | 26 |
| 9 | 9/ 49 D | ” | 57 |
| 10 | 9/52 A1 | സോണിമോൾ, ലിസി,<br>കാഞ്ഞിരത്തുങ്കൽ | 21 |
| 11 | 9/52 A | ” | 21 |
| 12 | 9/53 A | ” | 57.68 |
| 13 | 9/49 E | ചെല്ലമ്മ ഗോവിന്ദപുരം കോളനി | 40 |
| 14 | 9/54 A | ” | 30 |
| 15 | 9/56 A | ഷീബ ബെന്നി, പുത്തൻകുളം | 55 |
| 16 | 9/ 56 B | ” | 55 |
| 17 | 9/ 70 A | ” | 48.9 |
| 18 | 9/57 B | മാത്യു കളത്രമാക്കിയിൽ | 28 |
| 19 | 9/57 E | ” | 28 |
| 20 | 9/57 D | കുഞ്ഞേലി, മുര്യാംമാക്കിൽ | 48 |
| 21 | 9/58 A | ” | 40 |
| 22 | 9/57 C | നാരായണൻ, കണ്ണന്തറ | 53 |
| 23 | 9/59 C | ” | 57 |
| 24 | 9/59 B | രാജേഷ്, വയലുങ്കൽ | 47 |
| 25 | 9/59 F | ” | 52.5 |
| 26 | 9/ 56 C | മിനി കുഞ്ഞൂഞ്ഞ്, ചിറയിൽ | 28 |
| 27 | 9/59 D | ” | 26 |
| 28 | 9/60 C | സതി നീലൻ, പുല്ലുകാലായിൽ | 49.31 |
| 29 | 9/60 G | ” | 50 |
| 30 | 9/62 B | സിറിൾ മാത്യു, കളത്രമാക്കിൽ | 45.6 |
| 31 | 9/64 B | ” | 40 |
| 32 | 9/64 A | രാജേഷ്, പന്നിവേലിൽ | 29 |
| 33 | 9/ 66 A | ” | 31.1 |

| | | | |
|---|---|---|---|
| 34 | 9/65 A | പങ്കജാക്ഷി കുഞ്ഞൂഞ്ഞ് | 24 |
| 35 | 9/ 67 A | ” | 30 |
| 36 | 9/77 A | സുകുമാരൻ, നമ്പൂശേരി | 26 |
| 37 | 9/ 80 C | ” | 26.5 |
| 38 | 9/80 A | തങ്ക, പുന്നത്താനത്ത് | 27 |
| 39 | 9/81 C | ” | 35.6 |
| 40 | 9/85 A | മിനി രാജേഷ്, മാടമലയിൽ | 22 |
| 41 | 9/85 B | ” | 28.9 |

ഇതു സംബന്ധിച്ച അന്വേഷണക്കുറിപ്പിന് (നം.13) പ്രസ്തുത വീടുകൾ എംഎൻ ലക്ഷം വീട് പദ്ധതിയിൽ നിർമിച്ചിരിക്കുന്ന ഇരട്ട വീടുകളെ ഒറ്റവീടുകളാക്കി പുനർനിർമിച്ചിട്ടുള്ളതാണെന്നും ഇവയുടെ ഉടമസ്ഥരുടെ പഴയ നമ്പരിലുള്ള വീട് സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാലാണ് ഒരേ വ്യക്തിയുടെ പേരിൽ 2 വീടുകൾ നിലനിൽക്കുന്നതെന്നും മറുപടി നൽകി. ഇവ സഞ്ചയയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളും സമാനമായ മറ്റു കെട്ടിടങ്ങളും ഫീൽഡ് പരിശോധന നടത്തി വിസ്തീർണം കണക്കാക്കി നികുതി ചുമത്തേണ്ട കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കേണ്ടതും ഒഴിവാക്കാവുന്ന കെട്ടിടങ്ങളാണെങ്കിൽ സത്യവാങ്മൂലം വാങ്ങി ഒഴിവാക്കി നൽകുകയും ചെയ്യേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ 2018-19 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | എസ് ബി ഐ കോഴ | 1&2 |
| 2 | ഐ സി ഐ സി ഐ ബാങ്ക് | 1&2 |
| 3 | മീനച്ചിൽ അർബൻ കോപ്പറേറ്റീവ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ബാങ്ക് | 1&2 |
| 4 | ബി ആർ ഡി സെക്യൂരിറ്റീസ് ലിമിറ്റഡ് | 2 |
| 5 | ബി എസ് എൻ എൽ കുറവിലങ്ങാട് | 1&2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1) പഞ്ചായത്തിന്റെ വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 466 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളത് എന്ന് കണ്ടു. വളരെയേറെ കെട്ടിടങ്ങൾ ഓരോ വർഷവും പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയായി വാണിജ്യാവശ്യങ്ങൾക്കും വ്യവസായികാവശ്യങ്ങൾക്കുമായി

നികുതി നിർണയിച്ച വരുന്നുണ്ടെന്ന് കെട്ടിടനികുതി നിർണയ സോഫ്റ്റ്‌വെയറായ സഞ്ചയയിൽ കാണാവുന്നതാണ്. 2017-18 വർഷം മാത്രം കൊമേഴ്സ്യൽ ഉപയോഗക്രമമുള്ള 140 കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചിട്ടുണ്ട്. എന്നാൽ ആനുപാതികമായി സ്ഥാപനങ്ങൾ ലൈസൻസ് എടുത്തു കാണുന്നില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഫീസ് അടച്ചതായോ ലൈസൻസ് നേടിയതായോ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപന ഉടമയുടെ പേര് വിലാസം | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | ബേബി ജോർജ് ,<br>പടിഞ്ഞാറേ മേമന, കളത്തൂർ | റബർ വ്യാപാരം |
| 2 | കുര്യൻ ജോസഫ്<br>പനംകുഴയ്ക്കൽ | ടി ഷർട്ട് മൊത്തവ്യാപാരം |
| 3 | സുരേഷ് രമണൻ<br>എത്തലിൽ | കോഴി വിൽപ്പന |
| 4 | ശ്രീധരൻ<br>മലയോലയ്ക്കൽ | ചായക്കട |
| 5 | ടി.ഡി. ജോസഫ് &സൺസ് | റേഷൻ,മണ്ണെണ്ണ വ്യാപാരം |
| 6 | എ.വി. ബിനോയി<br>അവനാക്കുഴിയിൽ | സിമന്റ്, ഇഷ്ടിക നിർമാണം |
| 7 | സണ്ണി ജോസഫ്<br>ചാമക്കാല | ടാക്സി ഹൗസ് |
| 8 | വി.എസ്. ശശിധരൻ നായർ,<br>കോവട്ടറയ്ക്കൽ | വസ്ത്ര വ്യാപാരം |
| 9 | ഷിബു എം.ബി.<br>പാലയ്ക്കപറമ്പിൽ | വിശദാംശമില്ല |
| 10 | റജീന അനിൽ<br>കളരിക്കൽ | ഫർണിച്ചർ വിൽപ്പന |
| 11 | മോഹനകുമാർ എ.എസ്,<br>അല്ലത്തിങ്കൽ | റസ്റ്റോറന്റ് & ബേക്കറി |
| 12 | സുരേഷ് അഗസ്റ്റിൻ,<br>ഇലവുങ്കൽ | ബേക്കറി |
| 13 | വി.കെ. ജോസഫ്,<br>കണ്ടത്തിൽ | ഉണക്കമീൻ കട |
| 14 | പ്രസന്നൻ വി.ആർ,<br>വിലങ്ങുപാറ | ഉണക്കമീൻ കട |
| 15 | വിനോദ് കുമാർ എം.ജി.,<br>മുട്ടത്തുമ്യാലിൽ | കണ്ണട വ്യാപാരം |
| 16 | കെ.ഡി. മാത്യു, | സ്റ്റേഷനറി, ബേക്കറി |

| | | |
|---|---|---|
| | ക്കുനംമാക്കിൽ | |
| 17 | എ.ജി. രാധാകൃഷ്ണൻ,<br>എളുക്കുന്നേൽ | പലചരക്കുകട |
| 18 | കെ.ആർ. തങ്കപ്പൻ,<br>കാട്ടുകുന്നേൽ | പൂക്കട |
| 19 | ബിനുമോൻ കെ.ആർ.,<br>കാര്യക്കാട്ടേൽ | വസ്ത്രവ്യാപാരം |
| 20 | ആനി സെബാസ്റ്റ്യൻ,<br>ചെമ്പനടയിൽ | ചെരുപ്പ്, ബാഗ് എന്നിവ വിൽപ്പന |
| 21 | ടി.എൻ. രാജു,<br>തെക്കേടത്ത് | ഫർണിച്ചർ വ്യാപാരം |
| 22 | ഷാജി സക്കറിയാസ്,<br>വലിയ വീട്ടിൽ | പെയിന്റ്, ,സിമന്റ് കെട്ടിട നിർമാണ സാമഗ്രികളും വിൽപ്പന |
| 23 | ദീപു ബി,<br>വിയജസദനം | കാർ ആക്സസറീസ് |
| 24 | ജയ്സൺ ചാക്കോ<br>തോംസൺ നിവാസ് | പഴം, പച്ചക്കറി, പലചരക്ക് |
| 25 | ജോയി മാത്യു,<br>തുടുത്തൊട്ടിയിൽ | മെഡിക്കൽ സ്റ്റോർ |
| 26 | സാം ജോസഫ്,<br>പൈനാപ്പിള്ളിൽ | സൂപ്പർ മാർക്കറ്റ് |
| 27 | സാന്റമോൻ മാത്യു,<br>ചാലാശേരിൽ | വിശദാംശമില്ല |
| 28 | ഷേർലി ബാബു | ബ്യൂട്ടി പാർലർ |
| 29 | കുര്യൻ ദേവസ്യ,<br>വരവുകാലായിൽ | സ്റ്റേഷനറി & ബേക്കറി |
| 30 | അമ്പിളി ഷാജി | തുണിക്കട |
| 31 | എസ്.കെ. സന്തോഷ്,<br>ശ്രീനികേതനം | മുറുക്കാൻ കട |
| 32 | പ്രകാശം സി,<br>ചേലക്കാട്ടുശേരി | വിശദാംശമില്ല |
| 33 | കൊച്ചുറാണി ബിജു,<br>പുത്തൻപുരയ്ക്കൽ | ലേഡിസ് സ്റ്റോർ |
| 34 | പിന്റു ജോർജ്,<br>പുത്തൻപുരയ്ക്കൽ | ചെരുപ്പുകൾ വിൽപ്പന നടത്തുന്നതിന് |

2) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 72 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വളരെ കുറച്ച് വാടകക്കാർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നത്.
ഓഡിറ്റ് അന്വേഷണത്തിന് നടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി നൽകിയിട്ടുണ്ട്.

ലൈസൻസില്ലാതെ വളരെയധികം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. വളരെ വേഗത്തിൽ നഗരവൽക്കരിക്കപ്പെട്ടുക്കൊണ്ടിരിക്കുന്ന പഞ്ചായത്തിൽ എല്ലാ സ്ഥാപനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതിന് വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഓരോ വർഷവും പുതുതായി പ്രവർത്തനം ആരംഭിക്കുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ വാർഡ് മെമ്പർമാരുടെ സഹായത്തോടെ കൂട്ടിച്ചേർക്കേണ്ടതും ലൈസൻസ് നൽകുന്നതിനും ലൈസൻസെടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-5 വാടക കുടിശിക വരുത്തുന്നത് സംബന്ധിച്ച്

1)പഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന മുറികളിൽ ചിലത് വാടക കുടിശികയുള്ളതായി രജിസ്റ്റർ പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മുറി നം., വാടകക്കാരന്റെ പേര് | പ്രതിമാസ വാടക (ജിഎസ് ടി ഉൾപ്പെടെ) | അടവാക്കാനുള്ള തുക |
|---|---|---|---|
| 1 | FF 2 , ശ്യാം ചന്ദ്രൻ, വട്ടക്കാട്ടിൽ, കോഴ | 16913 | 16913*12= 202956 (ഏപ്രിൽ 2018-മാർച്ച് 2019) |
| 2 | KS 1, ശ്രീദേവി അനിൽകുമാർ, പത്മവിലാസം | 2214 | 22140 (ജൂൺ 2018-മാർച്ച് 2019) |
| 3 | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ് റൂം 2, തോമസ് ജേക്കബ്, ഒഴുകയിൽ | 22949 | 45897 (ഫെബ്രുവരി 2019-മാർച്ച് 2019) |
| 4 | എസ് സി/ എസ് ടി റൂം, ബിലാൽ കെ.എസ്, കുറ്റിക്കാട്ടുപറമ്പിൽ, കാട്ടാംപാക്ക് | 7514 | 90168 (ഏപ്രിൽ 2018- മാർച്ച് 2019) |

2) വെജിറ്റബിൾ സ്റ്റാൾ (V9) വാടകക്കെടുത്ത ബിജു ജോസഫ്, ഇടശ്ശേരിമറ്റത്തിൽ എന്നയാൾ 2017-18 വർഷം വാടക കുടിശിക വരുത്തിയതിനെ തുടർന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും തുക പിടിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2018-19 വർഷവും ടിയാന് തന്നെ മുറി വാടകയ്ക്ക് നൽകി.

3) തുടർച്ചയായി ഒരേ വ്യക്തികൾക്ക് തന്നെ മുറികൾ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നതായാണ് കാണുന്നത്. വാടകക്കാരായി തുടരുന്ന പല വ്യക്തികളും 2015-16 വർഷം മുതൽ വിവിധ കടമുറികൾക്ക് വാടക കുടിശിക വരുത്തിയിട്ടുള്ളതായി രജിസ്റ്റർ പരിശോധിച്ചപ്പോൾ വ്യക്തമായി. വാടക അരിയറായി തുടരുന്ന വ്യക്തികളിൽ നിന്നും തുക ഈടാക്കുകയോ നിയമ നടപടികളെടുക്കുകയോ ചെയ്യാതെ വീണ്ടും തുടരാനനുവദിക്കുന്നതായാണ് കാണുന്നത്.

അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടികൾ പൂർണമല്ല. പഞ്ചായത്തിന്റെ വാടക മുറികൾ സംബന്ധിച്ച് ആധികാരികമായ വിവരം വാടക രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ഒഴിവായി കിടക്കുന്ന കുറെയേറെ മുറികളുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ജീവനക്കാർ മാറി

വരുന്നതോടെ മുൻ രജിസ്റ്ററുകൾ നോക്കി മുറികളുടെ കൃത്യമായ വിവരങ്ങൾപോലും ലഭ്യമാകാത്ത അവസ്ഥയാണുള്ളത്. പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെട്ട എല്ലാ മുറികളുടെയും കൃത്യമായ വിവരങ്ങൾ വാടക രജിസ്റ്ററിൽ ചേർക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ഒഴിവായിക്കിടക്കുന്ന കെട്ടിടങ്ങളെ പുനരുദ്ധരിച്ച് ഉപയോഗക്ഷമമാക്കുന്നതിനും പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-6 ബസ് സ്റ്റാന്റ് ലേലം - തുക അടവാക്കിയില്ല, കരാർ ചമച്ചില്ല.

2018-19 വർഷത്തേക്കുള്ള പഞ്ചായത്ത് ബസ്സ്റ്റാന്റ് പിരിവ് 31.3.18 ൽ നടന്ന ലേലത്തിൽ ശ്രീ. ആഗി അനിൽ എന്നയാൾ 1,35,000/- രൂപക്ക് ലേലം കൊണ്ടതാണ്. ടിയാളുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റായി തുകകളൊന്നും ടിയാളിൽ നിന്നും വരവു വെച്ചിരുന്നില്ല. ലേല രജിസ്റ്ററിൽ 4.4.18 തീയതിയിൽ 118030100053 രസീതു നം പ്രകാരം 25000/- രൂപയും 31.3.18 തീയതിയിൽ രസീത് നം. 118030100053 പ്രകാരം 10,000/- രൂപയും അഡ്വാൻസ് ആയി അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുകകളോടൊപ്പം ജി എസ് ടി തുക ഉൾപ്പെട്ടിട്ടില്ല. ജിഎസ് ടി തുകയുൾപ്പെടെ 1,59,300/- രൂപയാണ് അടവാക്കാനുണ്ടായിരുന്നത്. ലേലത്തിന് കൃത്യമായ നടപടിക്രമങ്ങൾ പാലിക്കാതിരിക്കുന്നതും എഗ്രിമെന്റ് വെക്കാത്തതും തുടർന്നുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനു പോലും സാധിക്കാത്ത സാഹചര്യമുണ്ടാക്കുന്നതാണ്. ലേലത്തുക പൂർണമായി അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നില്ല

ഡോഗ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷം ആകെ 38 വളർത്തു നായ്ക്കൾക്കു മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വാർഷിക ധനകാര്യപത്രികയിൽ 760/- രൂപയാണ് ഈയിനത്തിൽ വരവു വന്നിട്ടുള്ളത്. എന്നാൽ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പേവിഷബാധ നിയന്ത്രണം എന്ന പ്രോജക്ടിൽ മാത്രം വെറ്ററിനറി ക്ലിനിക്കിലെത്തിച്ച് വാക്സിനേഷൻ നടത്തിയത് 291 വളർത്തു നായ്ക്കൾക്കാണ്. തെരുവ് നായയുടെ കടിയേറ്റ ശ്രീ.ദേവസ്യ എന്നയാൾക്ക് സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവ് 2919/2018/ത.സ്വ.ഭ.വ തീയതി 14.11.2018 പ്രകാരം തനത് ഫണ്ടിൽ നിന്ന് 38,610/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പേവിഷബാധ നിയന്ത്രണം അർഹമായ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതിന്റെ ഭാഗമായി വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമായി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 2-8 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം- സംബന്ധിച്ച്

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320200207 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ഫണ്ട്- ആയുർവ്വേദം-ക്യാപിറ്റൽ | 15,752 |
| | | | |

| | | | |
|---|---|---|---|
| 2 | 320200309 | സാക്ഷരത ഗ്രാന്റ് | 57,551 |
| 3 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 1411970 |

പ്രസ്തുത തുകകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച വിശദീകരണം നൽകുവാൻ 7-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി പ്രകാരം ആയുർവേദ ആശുപത്രി നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷം ലഭിച്ച 1,28,000/- രൂപയിൽ ചെലവഴിക്കുവാൻ ബാക്കിയുള്ള 15,752/- രൂപയാണ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സാക്ഷരത ഗ്രാന്റ് ഇനത്തിലുള്ള തുക യു. ഡി. മത്തായി എന്ന പ്രേരകിന്റെ ശമ്പളമിനത്തിൽ സാക്ഷരത മിഷനിൽ നിന്നും ലഭിച്ച തുകയാണെന്നും ഇത് അടിയന്തിരമായി വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ശുചിത്വ മിഷൻ ഗ്രാന്റിനത്തിൽ ലഭിച്ച തുക ചെലവഴിക്കുന്നതിന് തൻവർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും അറിയിച്ചു. പ്രത്യേക ആവശ്യങ്ങൾക്കു ലഭ്യമാകുന്ന തുകകൾ നീണ്ടകാലം തനത് ഫണ്ടിൽ നിക്ഷേപിക്കുന്നത് ആശാസ്യമല്ല. പ്രസ്തുത തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗ വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ- നിരീക്ഷണങ്ങൾ

1. കാലവർഷ കെടുതി- കണ്ടിജൻസി ഫണ്ട്- വിനിയോഗ വിവരം ലഭ്യമല്ല

കാലവർഷക്കെടുതിയെ തുടർന്ന് ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കണ്ടിജൻസി ഫണ്ട് ലഭ്യമല്ലാത്തതിനാൽ തനതു ഫണ്ട് ലഭ്യമായ പഞ്ചായത്തുകളിൽ നിന്നും 10000/- രൂപ സ്വരൂപിച്ച് ചെലവഴിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തനതു ഫണ്ടിൽ നിന്ന് വൗച്ചർ നം-21800474/23.8.18, ചെക്ക് നം. 273134/23.8.18 പ്രകാരം 10000/- രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ജി4. 6322/2018/22.8.18 നമ്പർ കത്തിൽ തുക ലഭ്യമാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണെന്നും ടി തുക പിന്നീട് മടക്കി നൽകുന്നതുമാണെന്നും അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക തിരികെ ലഭിച്ചതു സംബന്ധിച്ചുള്ള വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/18.07.19) വിനിയോഗവിവരം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

2. സ്വകാര്യ സ്കൂളുകൾക്ക് പ്രവേശനോത്സവത്തിന് തുക അനുവദിച്ചു നല്കി

01.06.2018ൽ നടത്തിയ പ്രവേശനോത്സവത്തിന് പഞ്ചായത്തിലെ വിവിധ സ്വകാര്യ സ്കൂളുകൾക്ക് ചെലവായ തുക ചുവടെ ചേർക്കും പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്.

| സ്കൂളിന്റെ പേര് | തുക |
|---|---|
| സെന്റ് മേരീസ് ബി.എൽ.പി സ്കൂൾ, കുറവിലങ്ങാട് | 1800 |
| സെന്റ് മേരീസ് ഗേൾസ് എൽ.പി സ്കൂൾ, കുറവിലങ്ങാട് | 2275 |
| ഹോളി ക്രോസ് എൽ.പി സ്കൂൾ, കളത്തൂർ | 420 |
| | |

| ആകെ | 4495 |
|---|---|

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു വേണ്ടി തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14) കൂടുതൽ കുട്ടികളെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിനും പഠനാഭിമുഖ്യം വളർത്തിനുന്നതിനും അതുവഴി പൊതുവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നാണ് മറുപടി നൽകിയത്. തുടർ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട ഇനങ്ങൾക്ക് മാത്രം തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-2 വിവിധ കുടിവെള്ളപദ്ധതികൾക്ക് പമ്പ് സെറ്റ് വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട് നം.127/19

ചെലവ് - 477950(വികസനഫണ്ട്)

(ബിൽ നം.37/20.3.19)

സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് പ്രകാരം ഗുണഭോക്തൃസമിതികൾക്കു കൈമാറിയ താഴെപ്പറയുന്ന 7 കുടിവെള്ളപദ്ധതികൾക്ക് ടെണ്ടർ മുഖേന ജോസ് ഇലക്ട്രിക്കൽസ് &സാനിവെയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് 10 HP പമ്പ്സെറ്റ് വാങ്ങിനൽകിയിട്ടുണ്ട്.

1.വെള്ളാരംകാലാ കുടിവെള്ളപദ്ധതി

2.പ്രിയദർശിനി കുടിവെള്ളപദ്ധതി

3.കോനാട്ട് കുടിവെള്ളപദ്ധതി

4.ഓലിക്കാമല കുടിവെള്ളപദ്ധതി

5.പന്തനാഴി കുടിവെള്ളപദ്ധതി

6.കൊല്ലക്കോട് കുടിവെള്ളപദ്ധതി

7.പിണ്ടിയേക്കരി കുടിവെള്ളപദ്ധതി

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)സർക്കാർ ഉത്തരവ് (സാധാ) നം.1275/2009/തസ്വഭവ തീയതി 30.5.2009 പ്രകാരം ഗുണഭോക്തൃസമിതികൾക്കു കൈമാറിയ കുടിവെള്ളപദ്ധതികളുടെ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃസമിതികളുടെ ചുമതലയാണ്. നടത്തിപ്പ് ചെലവിന് ഗുണഭോക്താക്കളിൽ നിന്ന് സംഭാവന സ്വീകരിക്കാവുന്നതുമാണ്. ഇതിനു വിരുദ്ധമായി പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തു നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല.

ബി)കുടിവെള്ളപദ്ധതികളുടെ പമ്പ് സെറ്റ് കേടായതിനാൽ പുതിയവ വാങ്ങി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് വാർഡ് മെമ്പറുടെ ശുപാർശയോടു കൂടി ഗുണഭോക്തൃസമിതി കൺവീനർമാർ അപേക്ഷ നൽകിയതായി കാണുന്നില്ല.

സി)പമ്പ് സെറ്റ് സപ്ലൈ ചെയ്തതിന്റെ ബില്ല് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇവ സ്ഥാപിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

ഡി)കുടിവെള്ളപദ്ധതികൾ പ്രവർത്തനക്ഷമമായെന്ന് ഗുണഭോക്തൃസമിതി കൺവീനർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡി)പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽവിവരിച്ച കാരണങ്ങളാൽ പ്രോജക്ടിനു ചെലവഴിച്ച 4,77,950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-3 സൗരറാന്തൽ വിതരണം-പ്രോജക്ട് പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധം

2018-19 വർഷം എസ്.സി., എസ്.ടി., ബി.പി.എൽ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സൗരറാന്തൽ വിതരണം ചെയ്യുന്നതിനു വേണ്ടി സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി താഴെപ്പറയുംപ്രകാരം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ടിന്റെ വിവരങ്ങൾ | അടങ്കൽ | ചെലവ് വിവരങ്ങൾ |
|---|---|---|
| പ്രോജക്ട് നം.12/19<br>സോളാർറാന്തൽ -എസ് സി<br>നിർവ്വഹണം -അസി.സെക്രട്ടറി | വികസനഫണ്ട്-325000<br>ഗുണഭോക്തൃവിഹിതം-44500 | 325000<br>ബിൽ നം.8/16.1.19<br>36400<br>ചെക്ക് നം.274241/30.3.19 |
| 13/19<br>സോളാർറാന്തൽ-എസ് ടി<br>നിർവ്വഹണം -അസി.സെക്രട്ടറി | വികസനഫണ്ട് - 62550 | 62550<br>ബിൽ നം.7/16.1.19 |
| 16/19<br>സൗരോർജ്ജവിളക്ക്<br>നിർവ്വഹണം-സെക്രട്ടറി | തനതുഫണ്ട് - 882000<br>ഗുണഭോക്തൃവിഹിതം-98000 | 874999<br>ചെക്ക് നം.1847982/11.3.19<br>98000<br>ചെക്ക് നം. 274247/30.3.19 |

എസ് ടി വിഭാഗങ്ങൾക്ക് 100% സബ്സിഡി നിരക്കിലും എസ്.സി /ബി പി എൽ വിഭാഗങ്ങൾക്ക് 90% സബ്സിഡി നിരക്കിലും എസ് സി വിഭാഗം-104, എസ് ടി - 18, ബി പി എൽ - 280 എന്നിങ്ങനെയാണ് റാന്തലുകൾ വിതരണം ചെയ്തത്. എന്നാൽ ജി.ഒ(എംഎസ്)11/18/തസ്വഭവ/14.2.18 പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖ, ജി.ഒ(എംഎസ് 22/18/തസ്വഭവ/29.1.18 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ എന്നിവ പ്രകാരം വൈദ്യുതി എത്തിച്ചേരാത്ത പ്രദേശങ്ങളിലെ എസ്.സി, എസ്.ടി വീടുകൾക്ക് മാത്രമാണ് സൗരറാന്തൽ നൽകാവുന്നത്. മേല്പറഞ്ഞ പ്രോജക്ടുകളിലെ എല്ലാ ഗുണഭോക്താക്കളുടെയും വീടുകൾ വൈദ്യുതീകരിച്ചതാണെന്ന് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള റേഷൻകാർഡിന്റെ പകർപ്പ്, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. ആയതിനാൽ നടപ്പാക്കിയ മൂന്നു പ്രോജക്ടുകളും പദ്ധതിമാർഗ്ഗരേഖയ്ക്കും സബ്സിഡി മാർഗ്ഗരേഖയ്ക്കും വിരുദ്ധമാണ്. ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അനുമതി ലഭിക്കാതെ നടപ്പാക്കിയ മേല്പറഞ്ഞ മൂന്നു പ്രോജക്ടുകളുടെയും ചെലവ് 13,96,949/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5എ) അക്ഷയഉ ൗർജ്ജപ്രോജക്ടുകളുടെ ഭാഗമായി ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്തുനടത്താവുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി നൽകുന്നതിൽ നിർദ്ദേശിച്ചിരിക്കുന്ന നിയന്ത്രണത്തിൽ നിന്ന് അക്ഷയ ഊർജ്ജപ്രോജക്ടുകളെ ഒഴിവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ മറുപടി അംഗീകരിക്കത്തക്കതല്ല.

## 3-4 ഐ എസ് ഒ സർട്ടിഫിക്കേഷൻ അധികസൗകര്യങ്ങൾ ഒരുക്കൽ - പ്രോജക്ടുമായി ബന്ധമില്ലാത്ത ഇനം ഉൾപ്പെടുത്തി നിർവ്വഹണം നടത്തി.

പ്രോജക്ട് നം. 148/19 174/18 (സ്പിൽ ഓവർ)

എഗ്രിമെന്റ് നം. 52/എ.ഇ/എൽഎസ്ജിഡി/കെവിജെഡി/18-19 തീയതി 27.10.2018

കരാറുകാരൻ - വി.കെ. കുര്യാക്കോസ്, വേലംപറമ്പിൽ

**അടങ്കൽ**

തനത് ഫണ്ട് - 75000

എം ബുക്ക് നം -52 /18-19

പി.എ.സി 75000/-

**ആകെ പ്രവൃത്തി മൂല്യം** -63583/( ചെക്ക്നം 274217/25/03/2019)

ഐഎസ്ഒ സർട്ടിഫിക്കേഷൻ അധികസൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രവൃത്തിയിൽ വിഭാവനം ചെയ്തിരുന്നത് വുഡ് വർക്ക്, സീലിങ്ങ് വർക്ക്, കപ്പ് ബോർഡുകൾക്ക് ഷട്ടറുകൾ ഘടിപ്പിക്കൽ എന്നീ പ്രവൃത്തികളാണ്. എങ്കിലും 11/01/2019 ലെ 1(3)-ാം നം. പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം മുൻപ്രസിഡന്റ്മാരെ ആദരിക്കുന്നതിന്റെ ഭാഗമായി അവരുടെ ഫോട്ടോ ഫ്രെയിം ചെയ്ത് സൂക്ഷിക്കുന്നതിനായി ഫോട്ടോ ഫ്രെയിം ചെയ്യൽ, നെയിം ബോർഡ് സ്ഥാപിക്കൽ, ടേബിൾ ടോപ്പ് ബ്ലേസർ ഘടിപ്പിക്കൽ എന്നീ പ്രവൃത്തികൾ പഴയവയ്ക്ക് പകരം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നിർവ്വഹിച്ചു. ഓരോ ഇനത്തിലും ഉള്ള ചെലവ് ചുവടെ ചേർക്കുന്നു.

ഇനം നം – 4ടേബിൾ ടോപ്പ് ഗ്ലാസ് ഘടിപ്പിക്കൽ - 16156.72

ഇനം നം -എക്സ്ട്രാ 1ഫോട്ടോ ഫ്രെയിം ചെയ്യൽ ഘടിപ്പിക്കൽ-29012.72

ഇനം നം -എക്സ്ട്രാ 2 ടേബിൾ ടോപ്പ് ബ്ലേസർ ഘടിപ്പിക്കൽ -3564.10

ഇനം നം -എക്സ്ട്രാ 3 ടേബിൾ ടോപ്പ് ബ്ലേസർ ഘടിപ്പിക്കൽ -14850

**ആകെ 63583.54**

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ അധികസൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രവൃത്തിയുമായി യാതൊരു ബന്ധവുമില്ലാത്ത പ്രവൃത്തിയായ ഫോട്ടോ ഫ്രെയിം ചെയ്യൽ/ഘടിപ്പിക്കൽ എന്ന ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി ചെലവു നടത്തിയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണകുറിപ്പിന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ചെലവ് 29,013/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5-1 ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | 57/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| ചെലവ് | 6,50,000 |
| ഫണ്ട് | സംരക്ഷണ ഗ്രാന്റ്(റോഡിതരം) |
| ബിൽ നം. | 2/18-19/23.11.18-2,50,000<br>5/18-19/22.02.19-4,00,000 |

ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി ആയുർധാര ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന് 2,50,000/- രൂപയും ഔഷധിയ്ക്ക് 4,00,000/- രൂപയും മേൽ ബിൽ നമ്പറുകൾ പ്രകാരം അക്കൗണ്ടിലേക്ക് നൽകിയിരുന്നു. ഇതിൽ ഔഷധിയ്ക്ക് നൽകിയ 4,00,000/- രൂപയിൽ 3,46,329/-

രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളു. ഇനിയും ലഭ്യമാകുവാനുള്ള 53,671/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നത് വരെ 53,671/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5-2 ഹോമിയോ അശുപത്രി മരുന്ന് വാങ്ങൽ- മരുന്ന് മുഴുവനും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 09/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 2,00,000 |
| ഫണ്ട് | സംരക്ഷണ ഗ്രാന്റ്(റോഡിതരം) |
| ബിൽ നം. | 15/18-19/20.08.18 |

ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ പദ്ധതിയ്ക്കായി ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് 2,00,000/- രൂപ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്നത് വരെ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ആയുർവ്വേദ ആശുപത്രിയ്ക്ക് യോഗ അനുബന്ധ സൗകര്യങ്ങൾ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

| | |
|---|---|
| പ്രോജക്റ്റ് നം. | 96/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| ഫണ്ട് | സംരക്ഷണ ഗ്രാന്റ് -റോഡിതരം |
| ചെലവ് | 1,62,350 |
| ബിൽ നം. | 3/18-19/23.11.18- 1,15,150<br>4/18-19/21.12.18- 46,200<br>6/18-19/12.03.19- 1000 |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി യോഗ അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി മൾട്ടി മീഡിയ പ്രോജക്റ്റർ, ലാപ്ടോപ്, മൈക്ക് സെറ്റ്, 2 സ്റ്റീൽ അലമാരകൾ, 120 യോഗമാറ്റുകൾ എന്നിവ വിവിധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി ആയുർവ്വേദ ആശുപത്രിയ്ക്ക് നൽകുകയും യോഗാ പരിശീലനത്തിനായി മെഡിക്കൽ ഓഫീസർക്ക് 1000/- രൂപ യാത്രാ ചെലവ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജി.ഒ(എം.എസ്)22/2018/തസ്വഭവ തീയതി 14.02.2018 മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്ക് യോഗ പരിശീലനത്തിനായി പരിശീലകന് ഒരു സെക്ഷന് 400/- രൂപ ക്രമത്തിൽ ഒരുമാസം 12,000/- രൂപ നൽകാവുന്നതാണെന്നാണ് പറഞ്ഞിട്ടുള്ളത്. യോഗ അനുബന്ധ സൗകര്യങ്ങൾക്കായി വിവിധ സാധനങ്ങൾ വാങ്ങൽ, യാത്രാചെലവ് എന്നിവ മേൽ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5) ആശുപത്രിയിൽ പ്രവർത്തിച്ച് വരുന്ന യോഗ വെൽനസ്സ് സെന്ററുമായി ചേർന്ന് വിവിധ വാർഡുകളിലും പഞ്ചായത്തിലെ സ്കൂളുകളിലും പോയി പരിശീലനവും ബോധവൽക്കരണവും നടത്തുന്നതിനാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്നും സാധനങ്ങൾ വിവിധ സ്ഥലങ്ങളിൽ കൊണ്ടെത്തിക്കുന്നതിനുള്ള വാഹനക്കൂലിയിനത്തിലാണ് 1000/- രൂപ കൈപ്പറ്റിയിട്ടുള്ളതെന്നുമാണ് മറുപടി

ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിനാൽ ചെലവഴിച്ച 1,62,350/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 56/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി) |
| ചെലവ് | 1,24,910 |
| ഫണ്ട് | വികസനഫണ്ട്(പൊതുവിഭാഗം) |
| ബിൽ നം. | 6/18-19/20.10.18-77973<br>14/18-19/29.12.18-46937 |

പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിനായി മേൽ ബില്ലുകൾ പ്രകാരം 1,24,910/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ട് (നം.3624001800000019). എന്നാൽ മെഡിക്കൽ സർവ്വീസ് കോപ്പറേഷനിൽ നിന്നും നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11) ഉപകരണങ്ങൾ കാലതാമസം കൂടാതെ ലഭ്യമാകുമെന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശ്യസാധന സാമഗ്രികളുടെ ലഭ്യതയില്ലായ്മമൂലം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുണ്ടോയെന്ന് വ്യക്തമല്ല. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്. ചെലവഴിച്ച 1,24,910/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 മുട്ടക്കോഴി വിതരണം-പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയില്ല.

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ (എസ്.സി.), പത്തു കോഴിയും കൂടും എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പത്തു കോഴിയും കൂടും എന്ന പദ്ധതി പിന്നീട് റിവൈസ് ചെയ്ത് സ്വന്തമായി കൂട് സൗകര്യമുള്ള അപേക്ഷകർക്ക് 10 കോഴിയെ നൽകുന്നതിനായി റിവൈസ് ചെയ്തു. 916 അപേക്ഷകർക്കായി 45-60 ദിവസം പ്രായമുള്ള 9160 കോഴികളെ 100 രൂപ നിരക്കിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. മട്ടുപ്പാവിലെ മുട്ടക്കോഴി പദ്ധതിക്കായി 50 അപേക്ഷകർക്കായി 135 ദിവസം പ്രായമുള്ള കോഴികളെ 190 രൂപ നിരക്കിലും ലഭ്യമാക്കി നൽകി. 10,11,000/- രൂപ കോഴികളെ വാങ്ങുന്നതിനു വേണ്ടി മാത്രം ചെലവഴിച്ചു. വിതരണം ചെയ്യപ്പെട്ട കോഴികളിൽ ബഹുഭൂരിപക്ഷവും ചത്തു പോയതായി അറിയുന്നു. വലിയ തുകകൾ ചെലവഴിച്ച് പദ്ധതി നടപ്പാക്കിയെങ്കിലും അത് ഫലപ്രാപ്തിയിലെത്തിയില്ല എന്നാണ് മനസിലാകുന്നത്. സ്ഥാപനത്തിൽ നിന്നും ലഭിച്ച കോഴികൾ ഗുണനിലവാരം കുറഞ്ഞതായിരുന്നതിനാലാണ് ഇത്തരത്തിലുള്ള അപാകതകൾക്ക് കാരണമായതെന്ന് പ്രസിഡന്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയും ഉത്പാദന വർദ്ധനവും ലക്ഷ്യമാക്കി വിഭാവനം ചെയ്യാൻ ശ്രദ്ധിക്കുകയും കൂടുതൽ ഫലപ്രാപ്തിയുണ്ടാകുന്ന പദ്ധതികൾക്കായി തുക ചെലവഴിക്കുകയും ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പേവിഷബാധ നിയന്ത്രണം -പദ്ധതിയുടെ ഫലപ്രാപ്തി

ഉറപ്പാക്കിയില്ല.

വെറ്റിനറി സർജൻ നിർവഹണം നിർവഹിച്ച് പേ വിഷബാധ നിയന്ത്രണം എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. (പ്രോജക്ട് നം. 64/19). ഓരോ വാർഡിലും വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തി വെയ്പ്പ് നൽകി വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയ്ക്ക തനതു ഫണ്ടിൽ നിന്നും 25000/- രൂപ വകയിരുത്തിയിരുന്നു. 14 വാർഡുകളിൽ പല ദിവസങ്ങളിലായി നിർദിഷ്ട സമയത്ത് ആവശ്യമായ പരസ്യം നൽകി ജനങ്ങളെ അറിയിച്ച് വളർത്തു നായ്ക്കളുടെ സാന്നിധ്യം ഉറപ്പാക്കാൻ പദ്ധതി ഉദ്ദേശിച്ചിരുന്നു. എന്നാൽ കടുത്ത വേനൽ നിമിത്തം ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാധിച്ചില്ല. പകരം മൃഗാശുപത്രിയിൽ ഹാജരാക്കിയ 291 നായ്ക്കൾക്ക് വിവിധ മാസങ്ങളിലായി പ്രതിരോധ കുത്തിവെയ്പ്പ് നൽകുക മാത്രമാണ് ചെയ്തത്. 3000/- രൂപ കുത്തിവെയ്പ്പ് നടത്തുന്നതിനാവശ്യമായ സിറിഞ്ച്, സൂചി, ഗ്ലൗസ് എന്നിവ വാങ്ങുന്നതിനായി സൂര്യ ഡ്രഗ്സ്, പാലാ എന്ന സ്ഥാപനത്തിന് 20.3.19 ലെ ഇൻവോയ്സ് പ്രകാരം നൽകി.

ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ വെച്ച് നായയുടെ കടിയേറ്റ ശ്രീ ദേവസ്യ എന്നയാൾക്ക് നഷ്ടപരിഹാരമായി 38610/- രൂപ 23.11.18 ൽ വൗച്ചർ നം. 21300740 പ്രകാരം നൽകേണ്ടി വന്നിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ വളർത്തു നായ്ക്കളുടെയും തെരുവുനായ്ക്കളുടെയും പേവിഷബാധ നിയന്ത്രണം ഉറപ്പാക്കാൻ തയ്യാറാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ പതിക്കേണ്ടതാണ്.

## 3-10 ലൈഫ് ഭവനപദ്ധതി-അവലോകനം

ലൈഫ് ഭവന പദ്ധതിയ്ക്ക് 2018-19 വർഷം പൊതു വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് വേണ്ടി വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി താഴെപറയും പ്രകാരം പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു.

| പ്രോജക്ട് നം. | പേര് | ചെലവ് | ഫണ്ട് | ലോൺ |
|---|---|---|---|---|
| 67/19 | ലൈഫ് മിഷൻ- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം | 6579823 | വികസന ഫണ്ട്-2780000<br>ബ്ലോക്ക് പഞ്ചായത്ത്-774864<br>ജില്ലാപഞ്ചായത്ത്-469016 | 2556120 |

പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 22 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിരുന്നു. ഇതിൽ 14 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 8 പേർ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ ഇനത്തിൽ ലഭിച്ച 25,56,120/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

## 3-11 ഹരിതഭവനം പദ്ധതി -അവലോകനം

| | |
|---|---|
| പ്രോജക്ട് നം. | 88/19 |
| | |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 200000 |
| ഫണ്ട് | തനത് ഫണ്ട് |
| ബിൽ നം. | 50523002011800‌9/29.03.19 |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിതഭവനം പദ്ധതിയ്ക്കായി മേൽ ബിൽ പ്രകാരം തനത് ഫണ്ടിൽ നിന്നും 2,00,000/- രൂപ പിൻവലിച്ച് 40 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ജി.ഒ(എം.എസ്)22/2018/തസ്വഭവ തീയതി 14.02.2018 മാർഗ്ഗരേഖയിൽ സംയോജിത പദ്ധതിയായി നടപ്പിലാക്കേണ്ട ഹരിതഭവനം പദ്ധതിയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ പ്രസക്തമായവ താഴെ ചേർക്കുന്നു.

- വീട്ടുവളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലവും ജൈവകൃഷി നടത്തുക.
- വീട്ടുവളപ്പിൽ പെയ്തിറങ്ങുന്ന മഴവെള്ളം പുരയിടത്തിന് പുറത്ത് പോകാതെ അത് കിണറ്റിനരികിൽ കിനിഞ്ഞിറങ്ങുന്നതിന് സൗകര്യപ്പെടുത്തുക.
- മേൽക്കൂരയിലെ മഴവെള്ളം കിണർ റീചാർജ്ജിംഗ് പിറ്റിലേക്ക് എത്തിക്കുക.
- ബാത്ത്റൂമിൽനിന്നും പുറത്ത് കളയുന്ന മലിനജലം റീസൈക്കിൾ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി കുടിക്കുന്നതൊഴികെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുക.
- ഊർജ്ജസംരക്ഷണം,മിതവ്യയം,സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുക.
- വീട്ടുവളപ്പിലെ എല്ലാ മാലിന്യങ്ങളും പരിസ്ഥിതി സൗഹൃതമായി ജൈവവളമാക്കുക,വളക്കുഴി നിർമ്മിക്കുക.
- ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുക.
- വളർത്ത് പക്ഷികളേയും മൃഗങ്ങളേയും കഴിയുന്നിടത്തോളം വീട്ട് വളപ്പിൽ സംരക്ഷിച്ച് പരിപാലിക്കുക.
- വീട്ടുവളപ്പ് മേൽപ്പറഞ്ഞതുൾപ്പെടെയുള്ള രീതികൾക്കനുയോജ്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സന്നദ്ധരാകുന്നവർക്ക് സാദ്ധ്യമായ സഹായങ്ങൾ ലഭ്യമാക്കുക.
- നടപ്പാക്കുന്ന മുറയ്ക്ക് തദ്ദേശഭരണ സ്ഥാപനതല മിഷൻ ടീം പരിശോധിച്ച് ഉപദേശ നിർദ്ദേശങ്ങൾ നൽകി വിവിധ സബ്സിഡികൾ നൽകുക
- വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യുവാൻ കഴിയുന്ന വിവിധ പ്രവൃത്തികളുടെ ഒരു പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത 4 വർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങുക
- ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഏകീകൃതരീതി രൂപപ്പെടുത്തുക.

എന്നാൽ കുറവിലങ്ങാട് പഞ്ചായത്തിൽ ഭരണസമിതി ചുമതലപ്പെടുത്തിയ സ്റ്റിയറിംഗ് കമ്മിറ്റി ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ച് വേരിഫിക്കേഷൻ റിപ്പോർട്ട് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ മറ്റു മാനദണ്ഡങ്ങൾ നോക്കാതെ 5000/- രൂപ വീതം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല അടുത്ത 4 വർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങുകയോ ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഏകീകൃതരീതി രൂപപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഹരിതഭവനം പദ്ധതിയ്ക്ക് അതിന്റെ പൂർണ്ണമായ ഉദ്ദേശ ലക്ഷ്യം കൈവരിക്കുവാൻ

സാധിച്ചിട്ടില്ലായെന്ന് വിലയിരുത്തുന്നു. എല്ലാ ഗുണഭോക്താക്കൾക്കും 5000/- രൂപ എന്നതിനു പകരം മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചിട്ടുള്ള ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് ചെയ്ത പ്രവൃത്തികൾക്ക് ആനുപാതികമായി തുക നൽകിയിരുന്നുവെങ്കിൽ പദ്ധതി കൂടുതൽ പ്രയോജനപ്രദമാകുമായിരുന്നു. മേൽ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധയുണ്ടാകേണ്ടതും മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പദ്ധതി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-12 ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ

2018-19 വർഷം ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം</u>

ചെലവ് - 325000(വികസനഫണ്ട്)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലെ 5,6,7 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നീന്തൽപരിശീലനം നൽകുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. തോപ്പൻസ് സ്വിമ്മിംഗ് അക്കാദമി മുഖേനയാണ് പരിശീലനം നടത്തിയത്. ആകെ 200 കുട്ടികൾക്ക് പരിശീലനം നൽകിയതിന് ഒരു കുട്ടിയ്ക്ക് 1500 രൂപ പ്രകാരം 3,00,000/- രൂപയും 25 കുട്ടികൾക്ക് തുടർപരിശീലനത്തിന് 25000/- രൂപയും ഉൾപ്പടെ ആകെ 3,25,000/- രൂപ അക്കാദമിയ്ക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണഭോക്തൃതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സ്കൂൾ കുട്ടികൾക്കുള്ള നീന്തൽപരിശീലനത്തിന് ഗുണഭോക്താക്കളെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമല്ല. ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കുട്ടിയുടെ രക്ഷിതാവിന്റെ സമ്മതപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കുന്ന ഇത്തരം പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ നിന്ന് പരിശീലനം നേടാൻ താല്പര്യമുള്ള കുട്ടികളുടെ ലിസ്റ്റ് പ്രധാനാദ്ധ്യാപകരുടെ സാക്ഷ്യപത്രത്തോടു കൂടി ശേഖരിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥനു കൈമാറേണ്ടതുമാണ്. എങ്കിൽ മാത്രമേ പ്രോജക്ട് യഥാർത്ഥലക്ഷ്യം കൈവരിക്കുകയുള്ളൂ. ഗുണഭോക്തൃതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു

<u>2)എസ് എസ് എ പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രത്തിൽ വിനിയോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല</u>

പ്രോജക്ട് നം.8/18-19

ചെലവ് - 4,00,000/- രൂപ

ബിൽ നം.1/11.5.18

പ്രോജക്ട് നം.17/18-19

ചെലവ് - 1,00,000/- (എസ് സി പി)

ബിൽ നം.2/11.5.18

മേല്പറഞ്ഞ രണ്ട് പ്രോജക്ടുകൾ പ്രകാരം 5,00,000/- രൂപ എസ് എസ് എ.യ്ക്കു കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചു എന്നത് അറിയാൻ സാധിക്കുന്നില്ല. തന്മൂലം തുടർവർഷങ്ങളിലെ പദ്ധതി രൂപീകരണവേളയിൽ പഞ്ചായത്തിന്റെ വിഭ്യാഭ്യാസ പ്രോജക്ടുകൾ എസ് എസ് എ പ്രോജക്ടുകളുമായി ഇരട്ടിക്കാൻ ഇടവരുന്നില്ല എന്നത് ഉറപ്പാക്കാൻ സാധിക്കുന്നില്ല. തുടർവർഷങ്ങളിലും

പ്രോജക്ട് നടപ്പാക്കേണ്ടതുള്ളതിനാൽ വിനിയോഗവിവരങ്ങൾ സഹിതം വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതു വരെ പ്രോജക്ടുകൾക്കു ചെലവഴിച്ച 5,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-13 മുട്ടുങ്കൽ മാണികാവ് കനാൽ റോഡ് നിർമ്മാണം -പൂർത്തീകരണത്തിൽ കാലതാമസം വന്നിട്ടും ഫൈൻ ഈടാക്കിയില്ല.

പ്രോജക്ട് നം. 129/19

എഗ്രിമെന്റ് നം. 26/എ.ഇ/എൽഎസ്ജിഡി/കെവിജെഡി/17-18 തീയതി.05.01.2018

കരാറുകാരൻ - മത്തച്ചൻ എം. വടാന
അടങ്കൽ

മെയിന്റനൻസ് ഗ്രാന്റ് -700000

തനത് ഫണ്ട് - 50000

എം ബുക്ക് നം -26 /17-18

പി.എ.സി 750000/-

ആകെ പ്രവൃത്തി മൂല്യം 699542/-

ബിൽ നം . 19/18-19/27/11/18

മുട്ടങ്കൽ മാണികാവ് കനാൽ റോഡ് എന്ന പദ്ധതി നിർമ്മാണത്തിനായി 27/12/2017-ൽ സെലക്ഷൻ നോട്ടീസ് പ്രകാരം 5/01/2018കരാറുകാരനുമായി കരാറിലേർപ്പെട്ടു. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവായ മൂന്ന് മാസം എന്ന പരിധി പിന്നിട്ട് 12.06.2018ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ച് അവസാന അളവ് എം ബുക്കിൽ രേഖപ്പെടുത്തിയത്. 01.02.2012ലെ സർക്കാർ ഉത്തരവ് നം 13/2012/പിഡബ്ല്യു.ഡി (പൊതുമരാമത്ത് മാന്വൽ) 2112-1 പ്രകാരം കാലതാമസത്തിനുള്ള ഫൈൻ ഈടാക്കിയിട്ടില്ല. ഫൈൻ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2017-18 ൽ പദ്ധതിക്ക് ലഭിച്ച റ്റി എസിന്റെ ( പുതുക്കിയ റ്റി.എസ് ലഭ്യമാക്കിയില്ല), ഒപ്പ് വച്ച് അധികൃതമാക്കാത്ത പകർപ്പ് മാത്രമാണ് മറുപടിയായി ലഭ്യമാക്കിയത്. ആയത് സ്വീകാര്യമല്ല. പി.എ.സി.യുടെ (750000) 1% ആയ 7,500/- രൂപ ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-14 പഞ്ചായത്ത് ഓഫീസ്- റ്റു വീലർ പാർക്കിങ്ങ് നവീകരണം പണി പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം. 123/19

എഗ്രിമെന്റ് നം .07/എ.ഇ/എൽഎസ്ജിഡി/കെവിജെഡി/18-19 തീയതി.25.07.2018

കരാറുകാരൻ- സുരേഷ് കുമാർ കെ പി

വകയിരുത്തിയ ഫണ്ട് /തുക

തനത് ഫണ്ട് - 100000

എം ബുക്ക് നം -07 /18-19

പി.എ.സി 100000/-

ആകെ പ്രവൃത്തി മൂല്യം 88395.14/ ( ചെക്ക് നം -1206796/12.02.2019)

പഞ്ചായത്ത് ഓഫീസിലെ റ്റു വീലർ പാർക്കിങ്ങ് നവീകരണം എന്ന പ്രവൃത്തിയിൽ ചെക്കേർഡ് പ്രീകാസ്റ്റ് ടൈൽ വിരിക്കൽ എന്ന പ്രവൃത്തി പൂർത്തിയാക്കിയതായി മെഷർമെന്റ് രേഖപ്പെടുത്തി തുക കരാറുകാരന് നൽകിയെങ്കിലും 05/08/2019ൽ ഓഡിറ്റ് വിഭാഗം പാർക്കിങ്ങ് ഏരിയാ നേരിട്ട് പരിശോധിച്ചതിൽ ടൈൽ വിരിക്കൽ പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണാൻ കഴിഞ്ഞു. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയായി (നം.4) പൈപ്പ് നന്നാക്കലിനെ തുടർന്ന് ഇളക്കിമാറ്റിയതാണെന്ന് മറുപടി നൽകി. ഇളക്കി മാറ്റിയ ടൈലുകൾ പുന:സ്ഥാപിച്ച് പ്രവൃത്തി പൂർത്തിയാക്കി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

# 3-15 ഞറളമറ്റം ഗാന്ധിഗ്രാം റോഡ് നിർമ്മാണം -പൂർത്തീകരണത്തിൽ കാലതാമസ്സത്തിന് ഫൈൻ ഈടാക്കിയതിൽ കുറവ്

പ്രോജക്റ്റ് നം. 151/19 (സ്പിൽ ഓവർ) 83/17-18

എഗ്രിമെന്റ് നം. 24/എ.ഇ/എൽഎസ്ജിഡി/കെവിജെഡി/17-18 തീയതി.03.01.2018

കരാറുകാരൻ- ജോമോൻ എബ്രാഹം

ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് -590000

തനത് ഫണ്ട് - 40000

പ്ളാൻ ഫണ്ട് -170000

എം ബുക്ക് നം -26 /17-18

പി.എ.സി 800000/-

ആകെ പ്രവൃത്തി മൂല്യം 764136/-

1.ബിൽ തുക 55414 രൂ. നം 03/18-19/25/05/18

2.ബിൽ തുക 478502രൂ നം 11/18-19/26/05/18

3.ബിൽ തുക 56084രൂ നം 50/18-19/23/03/19

4.ബിൽ തുക 21880രൂ നം 58/18-19/28/03/19
5.തനത് ഫണ്ട് ചെക്ക് തുക 120200രൂ ചെക്ക്നം1847989/2503/2019
ആകെ 732080

ഞറളമറ്റം ഗാന്ധിഗ്രാം റോഡ് നിർമ്മാണം എന്ന പദ്ധതി നിർമ്മാണത്തിനായി 03/01/2018ൽ സെലക്ഷൻ നോട്ടീസ് പ്രകാരം കരാറിലേർപ്പെടേണ്ട തീയതിയായ 11/01/2018ന് മുമ്പായി 3/01/2018ൽ കരാറുകാരനുമായി കരാറിലേർപ്പെട്ടു. എന്നാൽ 29/11/2017 ലെ നം .2/എ.ഇ/എൽഎസ്ജിഡി/കെവിജെഡി/17-18 ടെണ്ടർ നോട്ടീസ് പ്രകാരമുള്ള പൂർത്തീകരണകാലയളവായ മൂന്ന് മാസം എന്ന പരിധി പിന്നിട്ട് 22.01.2019ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ച് അവസാന അളവ് എം ബുക്കിൽ രേഖപ്പെടുത്തിയത്. 01.02.2012ലെ സർക്കാർ ഉത്തരവ് നം. 13/2012/ പിഡബ്ല്യു.ഡി (പൊതുമരാമത്ത് മാന്വൽ) 2112-1പ്രകാരം കാലതാമസ്സത്തിനുള്ള ഫൈൻ ആയി 6735/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. മേൽ ചട്ടപ്രകാരം ആദ്യ ദീർഘിപ്പിക്കലിന് പി.എ.സിയുടെ1% ഉം തുടർന്നുള്ള ദീർഘിപ്പിക്കലിന് പി.എ.സിയുടെ 2% ഉം അടക്കം 3% ഈടാക്കിയിട്ടില്ല. പി.എ.സി.യുടെ (8,00,000) 3% ആയ 24,000/- രൂപ ഈടാക്കേണ്ടിയിരുന്നതിൽ ഈടാക്കിയ 6,735/- രൂപ കുറവ് ചെയ്ത് 17,265/- രൂപ കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-16 ആശ്രയപദ്ധതി - തുക കൈമാറിയെങ്കിലും പ്രോജക്ട് നടപ്പാക്കിയിട്ടില്ല

പ്രോജക്ട് നം.6/19

ചെലവ് - 2 ലക്ഷം(വികസനഫണ്ട്)

ബിൽ നം.5/28.12.18

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 3 ആശ്രയ ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിന് 2 രൂപ കുടുംബശ്രീ സി ഡി എസി ന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി നടപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് വ്യക്തമായ വിശദീകരണം ലഭിച്ചിട്ടില്ല. പ്രവൃത്തി നടപ്പാക്കുകയോ അല്ലാത്ത പക്ഷം തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ലഭിക്കുന്നതുവരെ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 14.11.2018 | 469016 | ലൈഫ് മിഷൻ-ജില്ലാ പഞ്ചായത്ത് വിഹിതം | 469016 | 0 |
| ,, | 26.11.2018 | 200000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തകളും | 200000 | 0 |
| ,, | 23.03.2019 | 300000 | ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി | 300000 | 0 |
| **ആകെ** | | **969016** | | **969016(*)** | **0** |
| ബ്ലോക്ക്പഞ്ചായത്ത്,ഉഴവൂർ | 27.09.2018 | 400000 | ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി | 400000 | 0 |
| ,, | 28.11.2018 | 150000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തകളും | 150000 | 0 |
| ,, | 26.09.2018 | 774864 | ലൈഫ് മിഷൻ-ബ്ലോക്ക് | 774864 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പഞ്ചായത്ത് വിഹിതം | | |
| **ആകെ** | | **1324864** | | **1324864** | **0** |

**(*)** സുലേഖ ചെലവ് പത്രിക പ്രകാരമുള്ള 11,94,016/- രൂപയുടെ ചെലവ് എന്നത് സംയുക്ത പ്രോജക്ടുകൾക്കുള്ള ട്രഷറി ടി എസ് ബി അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്തിരുന്ന അനുപൂരക പോഷകാഹാരം കേന്ദ്ര വിഹിതം 2,25,000/- രൂപയുടെ ചെലവ് കൂടി ഉൾപ്പെട്ടതാണ്. പ്രസ്തുത തുക എസ് ബി ഐ കുറവിലങ്ങാടുള്ള തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി ക്രെഡിറ്റ് ചെയ്തിരുന്നുവെങ്കിലും ചെലവ് തെറ്റായി ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ ഉൾപ്പെടുത്തി.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | ലോൺ നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ട് നം. | 01.04.2018-ൽ തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം ലഭിച്ച ലോൺ തുക | 2018-19 വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജിഒ(എംഎസ്) 68/2018/ 18.5.18 | 38031917713, എസ് ബി ഐ കുറവിലങ്ങാട് | - | 2556120 | - | 2556120 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥാപനത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11,860/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2007-08 | 2.1(4) | 240 | കെ.കെ.ജോൺ കൊച്ചുചക്കുളത്ത് മ്യാലിൽ | 118030104305, 10.01.2019 |

| | | | | |
|---|---|---|---|---|
| 2007-08 | 2.1(4) | 360 | കെ.കെ.രാജു | 118030104337, 11.01.2019 |
| 2007-08 | 2.1(4) | 360 | റെജി എബ്രഹാം കീപ്പുറത്ത് | 118030104608, 25.01.2019 |
| 2016-17 | 2.4(1) | 2500 | മാനേജർ സപ്ലൈകോ സൂപ്പർമാർക്കറ്റ് | 118030105787, 14.03.2019 |
| 2015-16 | 2-5 | 900 | മാനേജർ മുത്തൂറ്റ് ഫിനാൻസ് | 118030106137, 23.03.2019 |
| 2015-16 | 2-5 | 900 | ,, | 118030106137, 23.03.2019 |
| 2015-16 | 2-5 | 900 | ,, | 118030106137, 23 .03.2019 |
| 2015-16 | 2-5 | 2700 | മാനേജർ ആൻസ് ഫിനാൻസ് | 118030106239, 23 .03.2019 |
| 2015-16 | 2-10 | 3000 | സിറിയക് നിധീരി നിധീരി ഫ്യൂവൽസ് | 118030104075, 27.12.2018 |
| **ആകെ** | | **11,860** | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | പൊതു അവലോകനം | 2009-10 | 2-1 | കാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിയ്ക്കുന്നതിൽ വീഴ്ച | 30.09.13 ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചു. |

# 4-8 സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ

# വിവരം

സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 74607703 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65951817 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 31,44,843 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം-</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4,77,950 | ശ്രീകുമാർ എസ്. കൈമൾ, സെക്രട്ടറി |
| 3-3 | 4,23,950 | സീനത്ത് കെ., അസിസ്റ്റന്റ് സെക്രട്ടറി |
| | 9,72,999 | ശ്രീകുമാർ എസ്. കൈമൾ, സെക്രട്ടറി |
| 3-4 | 29,013 | സോജൻ, അസിസ്റ്റന്റ് എൻജിനീയർ |
| 3-5-1 | 53,671 | ഡോ. രാജഹംസ് ശശി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-5-2 | 2,00,000 | പ്രസാദ് കെ.ആർ., സെക്രട്ടറി |
| 3-6 | 1,61,350 | ഡോ ജിയോ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| | 1000 | ഡോ രാജഹംസ് ശശി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-7 | 1,24,910 | ഡോ ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| 3-12 | 5,00,000 | ബിന്ദു സി കെ, ഹെഡ്മിസ്ട്രസ് |
| 3-16 | 2,00,000 | സീനത്ത് കെ., അസിസ്റ്റന്റ് സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം-</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ-</u>

ബാധകമല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2003-04(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(6)/18/8.1.18 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(8)/18/8.1.18 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(9)/18/8.1.18 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(10)/18/8.1.18 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(11)/18/8.1.18 |
| 2012-13 | എൽ.എഫ്.കെ.പി 4/442/14/9.1.2015 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി- 4/1132/16/20.8.2016 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.4/1122/2016/26.10.2017 |
| 2015-16 | നം.കെ.എസ്.എ-കെ.ടി.എം.പി.4/1963/16/26.10.17 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി.4/1864/2017/19.1.18 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി4/305/2019, തീയതി : 19.04.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# <u>അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ.കെ.ടി.എം.പി4/1231/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**


**തീയതി 31.08.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ** വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം